**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4663**
**22/03/2018 ലെ മറുപടിയ്ക്ക്**

**<u>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം</u>**

| ചോദ്യം:<br>**ശ്രീ. എൻ.ഷംസുദ്ദീൻ** | മറുപടി:<br>**ഡോ.ടി.എം.തോമസ് ഐസക്ക്**<br>**ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| (എ) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയിട്ടുള്ള വാഹന പരിശോധനകളുടെ വിശദവിവരം നൽകുമോ; | 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ധനകാര്യ പരിശോധനാ വിഭാഗം 23 വാഹന പരിശോധനകൾ നടത്തിയിട്ടുണ്ട് |
| (ബി) ഇങ്ങനെ നടത്തിയിട്ടുള്ള പരിശോധനകളിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | ഉണ്ട്<br>1. തൃശ്ശൂർ ജില്ലാ കുടുംബശ്രീമിഷൻ കോർഡിനേറ്റർ വാഹന ദുരുപയോഗം ചെയ്യതായി കണ്ടെത്തിയതിനാൽ ടിയാനിൽനിന്നും പിഴയീടാക്കുന്നതിനും വകുപ്പ് തല നടപടിയ്ക്കും ശിപാർശ ചെയ്യിട്ടുണ്ട്.<br>2. വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ വാഹനദുരുപയോഗം കണ്ടെത്തിയതിനാൽ ബാദ്ധ്യത നിർണ്ണയിച്ച് റിക്കവറി ശിപാർശചെയ്യിട്ടുണ്ട്<br>3. കല്ലട ജലസേചന പദ്ധതിയുടെ തെന്മല സബ് ഡിവിഷനിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ വാഹന ദുരുപയോഗം ചെയ്യതായി കണ്ടെത്തിയതിനാൽ ടിയാളിൽ നിന്നും പിഴയീടാക്കുന്നതിന് ശിപാർശ ചെയ്ത്ട്ടുണ്ട്. |

| | |
|---|---|
| | 4. വടക്കഞ്ചേരി ഫയർ&റസ്ക്യൂ സർവ്വീസസിലെ സ്റ്റേഷൻ ഓഫീസറും ഡ്രൈവറും അധികമായി കൈപ്പറ്റിയ യാത്രാ ബത്ത ടിയാന്മാരിൽനിന്നും ഈടാക്കി ട്രഷറിയിൽ അടയ്ക്കാൻ ശിപാർശചെയ്തിട്ടുണ്ട്.<br>5. തളിപ്പറമ്പ് ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ ഇന്ധന ടാങ്കിന്റെ കപ്പാസിറ്റിയ്ക്ക് പുറത്ത് ഇന്ധനം നിറച്ചവകയിൽ സർക്കാരിനുണ്ടായ നഷ്ടം ഫോറസ്റ്റ് റേഞ്ച് ഓഫീസറിൽനിന്നും ടി വാഹനത്തിന്റെ ഡ്രൈവറിൽനിന്നും തുല്യമായി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>6. ആലപ്പുഴ ജനറൽ ആശുപത്രിയിലെ വാഹനം അനൗദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ പക്കൽനിന്നും പിഴയീടാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.<br>7. വയനാട് റവന്യൂവകുപ്പ് ഡെപ്യൂട്ടി കളക്ടറുടെ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകൾക്കും മറ്റുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് 24/02/2003 ലെ സ.ഉ(കൈ) നം.113/2003/ധന, 02/08/2008 ലെ 41/2008/ധന നമ്പർ പരിപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിയ്ക്കുന്നതിലേയ്ക്കായി ഭരണവകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ